ഹയർ സെക്കന്ററി ഡയറക്ടറുടെ
കാര്യാലയം, ഹൗസിംഗ് ബോർഡ്
ബിൽഡിംഗ്, ശാന്തി നഗർ,
തിരുവനന്തപുരം.

**നം.എ.സി.ഡി/സ്പെ.സെൽ(2)/66076/എച്ച്.എസ്.ഇ/2014** **തീയതി : 30/08/2014**

## <u>സർക്കുലർ</u>

വിഷയം:- ഹ.സെ.വി :- 2014 സെപ്റ്റംബർ 5 - അദ്ധ്യാപകദിനാഘോഷം - രാജ്യത്തെ മുഴുവൻ സ്കൂൾ കുട്ടികളുമായി പ്രധാനമന്ത്രി സംവദിക്കുന്നത് - തത്സമയ സംപ്രേഷണം വിദ്യാർത്ഥികൾക്ക് വീക്ഷിക്കാൻ അവസരമൊരുക്കുന്നതിന്- നിർദ്ദേശങ്ങൾ പുറപ്പെടുവിക്കുന്നത് - സംബന്ധിച്ച്.

സൂചന:- കേന്ദ്ര മാനവവിഭവശേഷി, സ്കൂൾ വിദ്യാഭ്യാസ, സാക്ഷരതാ വകുപ്പ് സെക്രട്ടറി ശ്രീ.രാജർഷി ഭട്ടാചാര്യയുടെ 27/08/2014 തീയതിയിലെ അറിയിപ്പ്.

2014 സെപ്റ്റംബർ 5ന് രാഷ്ട്രം അധ്യാപകദിനം ആഘോഷിക്കുന്നതിന്റെ ഭാഗമായി ബഹുമാനപ്പെട്ട പ്രധാനമന്ത്രി ഡൽഹിയിലെ വിദ്യാർത്ഥികളുമായി നേരിട്ടും മറ്റു സംസ്ഥാന/ കേന്ദ്രഭരണ പ്രദേശങ്ങളിലെ വിദ്യാർത്ഥികളുമായി സാറ്റലൈറ്റ് ലിങ്ക് വഴിയും സംവദിക്കുന്നതാണെന്ന് സൂചന കത്ത് പ്രകാരം കേന്ദ്രസർക്കാർ അറിയിച്ചിരിക്കുന്നു. പ്രസ്തുത പരിപാടി രാജ്യത്തെ മുഴുവൻ സ്കൂൾ കുട്ടികൾക്കും തത്സമയം വീക്ഷിക്കുന്നതിനായി ദൂരദർശൻ ദേശീയ പ്രാദേശിക ചാനലുകൾ വഴി സെപ്റ്റംബർ 5 ഉച്ചകഴിഞ്ഞ് 3 മണി മുതൽ 4.45 വരെ സംപ്രേഷണം ചെയ്യുന്നതാണ്.

ഇന്റർനെറ്റു വഴിയും കേന്ദ്ര മാനവവിഭവശേഷി വികസന മന്ത്രാലയത്തിന്റെ വെബ്സൈറ്റു മുഖേനയും പരിപാടി തത്സമയം വീക്ഷിക്കാൻ കഴിയുന്നതാണ്. സംസ്ഥാന സർക്കാറിന്റെ വിക്ടേഴ്സ് ചാനലിലും പരിപാടി ലഭ്യമാണ്.

ആയതിനാൽ പ്രസ്തുത പരിപാടി സംസ്ഥാനത്തെ മുഴുവൻ ഹയർ സെക്കന്ററി വിദ്യാർത്ഥികൾക്കും തത്സമയം വീക്ഷിക്കുന്നതിന് എല്ലാ ഹയർ സെക്കന്ററി സ്കൂൾ പ്രിൻസിപ്പൽമാരും താഴെപ്പറയുന്ന സൗകര്യങ്ങൾ സ്കൂളിൽ നിഷ്കർഷതയോടെ സജ്ജീകരിക്കേ താണെന്ന് അറിയിക്കുന്നു.

1. തത്സമയ സംപ്രേഷണം നടക്കുന്ന 2014 സെപ്റ്റംബർ 5 ന് ഉച്ചതിരിഞ്ഞ് 2.30 മുതൽ 4.45 മണി വരെ എല്ലാ വിദ്യാർത്ഥികൾക്കും പരിപാടി വീക്ഷിക്കുന്നതിനുള്ള സൗകര്യങ്ങൾ സ്കൂളിൽ ഒരുക്കേ താണ്. ഏതെങ്കിലും സ്കൂളിൽ ടെലിവിഷൻ/ ഡി.റ്റി. എച്ച്, കേബിൽ ബന്ധം/ ആന്റിന എന്നിവ ലഭ്യമല്ലാത്തതുകൊ ാ വൈദ്യുതി തകരാറു മൂലമോ സംപ്രേഷണം വീക്ഷിക്കാൻ സാധിക്കാത്ത സാഹചര്യമു ങ്കിൽ, അവിടെ ടെലിവിഷൻ/ജനറേറ്റർ/ഇൻവെർട്ടർ തുടങ്ങിയ പകരം സംവിധാനങ്ങൾ ഒരുക്കേ താണ്. ടെലിവിഷൻ സംപ്രേഷണത്തിനു പുറമേ, എഡ്യൂസാറ്റ്, ഇന്റർനെറ്റ് ലഭ്യമാകുന്ന ഉപകരണങ്ങൾ (കംപ്യൂട്ടർ, ലാപ്‌ടോപ്പ്, മൊബൈൽ ഫോൺ) എന്നിവ മുഖാന്തിരവും പരിപാടി വീക്ഷിക്കാനുള്ള സൗകര്യങ്ങൾ ഒരുക്കാവുന്നതാണ്. ടെലിവിഷൻ സംപ്രേഷണം സാധ്യമല്ലാത്ത ഉൾപ്രദേശങ്ങളിൽ, റേഡിയോ/ട്രാൻസിസ്റ്റർ വഴി, തത്സമയ സംപ്രേഷണത്തിന്റെ ശബ്ദ

രേഖ കേൾപ്പിക്കുന്നതിനുള്ള സൗകര്യം പ്രിൻസിപ്പൽമാർ ഏർപ്പെടുത്തേ താണ്.

2. വിദ്യാർത്ഥികൾക്ക് പ്രധാനമന്ത്രിയുടെ പരിപാടി വ്യക്തമായി കാണുന്നതിനും ശ്രവിക്കുന്നതിനും സ്കൂളിൽ നിലവിലുള്ള ഓഡിയോ- വീഡിയോ സംവിധാനങ്ങൾ മുൻകൂട്ടി പരിശോധിച്ച് ചിത്രത്തിന്റെയും ശബ്ദത്തിന്റേയും ഗുണമേന്മ ഉറപ്പാക്കേ താണ്.

3. സംപ്രേഷണം തത്സമയം വീക്ഷിച്ച/ഓഡിയോ കേൾക്കാൻ സാധിച്ച വിദ്യാർത്ഥികളുടെ കൃത്യമായ എണ്ണം, അതാത് പ്രിൻസിപ്പൽമാർ അപ്പോൾതന്നെ ഐ.റ്റി. അറ്റ്. സ്കൂൾ ലഭ്യമാക്കിയിട്ടുള്ള ലിങ്ക് മുഖാന്തിരം അപ്‌ലോഡ് ചെയ്യേ താണ്.

മേൽ സൂചിപ്പിച്ച പരിപാടി, സംസ്ഥാനത്തെ മുഴുവൻ വിദ്യാർത്ഥികളും വീക്ഷിക്കുന്നതിന് കേന്ദ്രസർക്കാർ പുറപ്പെടുവിച്ചിരിക്കുന്ന നിർദ്ദേശങ്ങൾ എല്ലാ ഹയർ സെക്കന്ററി പ്രിൻസിപ്പൽമാരും കർശനമായി പാലിക്കേ തും പരിപാടി വിജയപ്രദമായി വിദ്യാർത്ഥികൾക്ക് എത്തിച്ചു കൊടുക്കുന്നതിന് സർവ്വാത്മനാ സഹകരിക്കേ തുമാണെന്ന് അറിയിക്കുന്നു .

**ഒപ്പ്**
**ഡയറക്ടർ**

എല്ലാ ഗവൺമെന്റ് /എയ്ഡഡ്/

അൺഎയ്ഡഡ് ഹയർ

സെക്കന്ററി സ്കൂൾ പ്രിൻസിപ്പൽമാരുടെയും

അറിവിലേക്കായി